പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ. 560

28/02/2017 ൽ

മറുപടിക്ക്

**പൊതുമേഖലാസ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ**

**ചോദ്യം**

ശ്രീ.പി.കെ.ബഷീർ

എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

ബി) നിലവിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; നഷ്ടത്തിൽ പ്രവർത്തിച്ച് വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**മറുപടി**

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

എ) & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ളഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനു-ള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി നിലവിലുള്ള വിറ്റുവരവ് ഘട്ടംഘട്ടമായി ഉയർത്തുന്നതിനുള്ള വികസന പദ്ധതികൾക്കാണ് ഇപ്പോൾ പ്രാമുഖ്യം നൽകിവരുന്നത്. 2016-17 സാമ്പത്തികവർഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനും പുനരുജ്ജീവനത്തിനുമായി 100 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി നൽകിവരുന്നു.

സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ 2016-17 കാലയളവിലെ അർദ്ധവാർഷിക പ്രവർത്തന റിപ്പോർട്ട് (ഏപ്രിൽ – സെപ്റ്റംബർ 2016) പ്രകാരം 11 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചുവരുന്നു.(അനുബന്ധം 1) കേരളാ മിനറത്സ് & മെറ്റത്സ് ലിമിറ്റഡ്, മലബാർ സിമന്റ്സ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കത്സ് ലിമിറ്റഡ്, ട്രാവൻകൂർ-കൊച്ചിൻ കെമിക്കത്സ് ലിമിറ്റഡ്, കെൽട്രോൺ, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ

വിപുലീകരണത്തിനും, ഉൽപ്പാദന വൈവിദ്ധ്യ വത്ക്കരണത്തിനുമുള്ള പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകി 2017-18 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള ധനസഹായം 2017-18 ലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ അനുവദിക്കുമെന്നും തത്വത്തിൽ തീരുമാനമായിട്ടുണ്ട്.

Bindumol. K. N

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

**Performance of the PSU's (both Manufacturing & Non-Manufacturing under the Industries Department upto September 2016 (Provisional)**

**Profit Making Units**

Rs in crs

| Sl.No | Name of the Company | Net Profit / Loss |
|---|---|---|
| 1 | The Kerala Minerals and Metals Ltd | 23.22 |
| 2 | Malabar Cements Ltd | 18.59 |
| 3 | Kerala State Industrial Development Corporation Ltd | 12.02 |
| 4 | Travancore Titanium Products Ltd | 3.27 |
| 5 | HANTEX | 1.01 |
| 6 | Travancore-Cochin Chemicals Ltd | 0.98 |
| 7 | Steel and Industrial Forgings Ltd. | 0.32 |
| 8 | Keltron Electro Ceramics Ltd | 0.26 |
| 9 | Forest Industries (Travancore) Ltd | 0.12 |
| 10 | Kerala Artisan's Development Corporation Ltd | 0.01 |
| 11 | Steel Industrials Kerala Ltd | 0.0002 |
| **Total** | | **59.79** |

Source: Company

Bindumal K. N
സെക്ഷൻ ഓഫീസർ